ഓച്ചിറ പദ്ധതി

98 (2376) ശ്രീ. എ. എൻ. രാജൻബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി, ഓച്ചിറ, ക്ലാപ്പന, ആലപ്പാട് പഞ്ചായത്തുകളുടെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് എൽ.ഐ.സി.-യുടെ സാമ്പത്തിക സഹായത്തോടെ ആവിഷ്ക്കരിച്ച "ഓച്ചിറ പദ്ധതി" മാവേലിക്കര നഗരസഭയുടെ അനുമതി ലഭ്യമായിട്ടും പ്രാവർത്തികമാകാതെ തടസ്സപ്പെട്ടിരിക്കുന്നതിന്റെ കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) പദ്ധതി ആവിഷ്ക്കരിച്ചിട്ട് ഏറെ വർഷങ്ങൾ കഴിഞ്ഞിട്ടും പണി ആരംഭിക്കാത്ത ഈ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ;

(സി) എത്ര സമയത്തിനുള്ളിൽ ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഈ ജലവിതരണ പദ്ധതിയുടെ സ്രോതസ്സിൽ സ്ഥാപിക്കാനുള്ള പമ്പ് ഹൗസിന് മാവേലിക്കര മുനിസിപ്പാലിറ്റിയുടെ അനുമതി ലഭിച്ചെങ്കിലും അതിനുവേണ്ടിയുള്ള കണ്ടിയൂർ കടവിലുള്ള 5 സെന്റ് സ്ഥലം റവന്യൂ വകുപ്പ് വാട്ടർ അതോറിറ്റിക്ക് കൈമാറാനുള്ള നടപടികൾ ഇതുവരെ പൂർത്തിയായിട്ടില്ല. എന്നാൽതന്നെയും പദ്ധതിയുടെ സ്രോതസ്സിൽ സ്ഥാപിക്കുവാനുള്ള ഇൻടേക്ക് സ്ട്രക്ചർ ആന്റ് പമ്പ്ഹൗസ് എന്നിവയുടെ ടെണ്ടർ വിളിച്ച് സൂക്ഷ്മപരിശോധന നടത്തിക്കൊണ്ടിരിക്കുന്നു. ഈ പദ്ധതിക്കുവേണ്ടി ഓച്ചിറയിൽ നിർമ്മിക്കുന്ന 15 എം.എൽ.ഡി. ജലശുദ്ധീകരണശാലയ്ക്കുവേണ്ടി നിശ്ചയിച്ച 66.57 ആർ സ്ഥലം വാങ്ങുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുവേണ്ടിയുള്ള എൽ.എസ്. ടെണ്ടർ വിളിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പദ്ധതിയുടെ ഭൂതല ഉപരിതലജലസംഭരണികളുടെ സ്ഥലം ഇപ്പോൾ ലഭ്യമായി കഴിഞ്ഞു. ഇതിൽ ഓച്ചിറയുടെയും കരുനാഗപ്പള്ളിയുടെയും ഉപരിതല സംഭരണികളുടെ എസ്റ്റിമേറ്റുകൾ അംഗീകാരം നൽകുന്നതിനുവേണ്ടി പരിശോധിച്ചുവരുന്നു. കരുനാഗപ്പള്ളി ഭൂതല ജലസംഭരണിയുടെയും ആലപ്പാട് ഉപരിതലജലസംഭരണിയുടെയും ടെണ്ടർ നടപടികൾ നടന്നുവരുന്നു. ക്ലാപ്പന പഞ്ചായത്തിലെ ഉന്നതതല ജലസംഭരണിയുടെ മണ്ണ് പരിശോധന നടത്തുവാൻ എൽ.ബി.എസ്. സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാവേലിക്കര, കണ്ടിയൂർ കടവിൽനിന്നും ഓച്ചിറവരെയുള്ള 600 എം.എം. വ്യാസമുള്ള കാസ്റ്റ് അയൺ (16.76 കി.മീ.) പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി കൊണ്ടിരിക്കുന്നു. ഇതിൽ ഈരേഴം-കൃഷ്ണപുരം എന്നീ സ്ഥലങ്ങളിൽ റയിൽവേയുടെ അനുമതിക്കായി അപേക്ഷ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മേൽവിവരിച്ച എല്ലാ ഘടകങ്ങളുടെയും പൂർത്തീകരണത്തോടുകൂടി ഈ പദ്ധതിയുടെ ആവശ്യമുള്ള വിതരണ കുഴലുകളും പമ്പ്സെറ്റും സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ ലഭിക്കുന്ന മുറയ്ക്ക് 2004 ഡിസംബർ മാസത്തോടുകൂടി ഈ പദ്ധതി കമ്മിഷൻ ചെയ്യാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

ഒറ്റപ്പാലത്ത് വാണിയംകുളം പഞ്ചായത്തിലെ ശുദ്ധജല പദ്ധതി

99 (2377) ശ്രീ. വി. സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ വാണിയംകുളം പഞ്ചായത്തിൽ കേന്ദ്രാവിഷ്കൃത ശുദ്ധജല പദ്ധതിയുടെ നിർമ്മാണപ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലെത്തി ;

(സി) ഇതിന്റെ നിർമ്മാണം പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പദ്ധതിയുടെ 98,000 ലിറ്റർ ശേഷിയുള്ള സമ്പ്-കം-പമ്പ് ഹൗസിന്റേയും 6.2 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതലസംഭരണിയുടേയും ഗ്രാവിറ്റി മെയിൻ ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ പാലക്കാട്-കുളപ്പുള്ളി ദേശീയപാതയുടെ വിപുലീകരണത്തോടനുബന്ധിച്ച് ഈ റോഡിന്റെ പാർശ്വത്തിൽ സ്ഥിതിചെയ്യുന്ന സമ്പ്-കം-പമ്പ് ഹൗസ് മാറ്റി സ്ഥാപിക്കാൻ ആവശ്യപ്പെട്ടിരുന്നു. ഇതുമൂലം പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. എന്നാൽ മേൽപ്പറഞ്ഞ തടസ്സങ്ങൾ പമ്പ്ഹൗസ് മാറ്റാതെ തന്നെ നീങ്ങിക്കിട്ടിയിട്ടുണ്ട്. പദ്ധതിയുടെ പമ്പിംഗ് മെയിനും മറ്റു ഗ്രാവിറ്റിമെയിനും മേൽപ്പറഞ്ഞ റോഡരികിൽ നിർമ്മിക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിനുവേണ്ട അംഗീകാരം പി.ഡബ്ല്യു.ഡി.-യിൽ നിന്നും ലഭിച്ചിട്ടില്ല. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പണി പൂർത്തിയാക്കുന്നതാണ്.

(സി) കാലപരിധി നിശ്ചയിച്ചിട്ടുണ്ട് ; 2004, മാർച്ച്.

കൂടൽക്കടവ് പദ്ധതി

100 (T2378) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം സ്ഥലങ്ങളിൽ കുടിവെള്ളം കൊടുക്കുന്നതിനുവേണ്ടിയാണ് കൂടൽക്കടവ് പദ്ധതിക്ക് രൂപം കൊടുത്തിട്ടുള്ളത് ;

(ബി) അതിന്റെ പണി എന്നാരംഭിച്ചു ;

(സി) അതിന്റെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ ;

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly